**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 46** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രവാസി ക്ഷേമം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** പ്രവാസികൾക്കായി നോർക്ക വകുപ്പ് മുഖേന ഏതൊക്കെ ക്ഷേമപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u> പ്രവാസി മലയാളികൾക്കായി നോർക്ക വകുപ്പ് മുഖേന നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെ പേരുകൾ ചുവടെ ചേർക്കുന്നു.**

1. എൻ.ഡി.പി.ആർ.ഇ.എം (നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് ).
2. നോർക്ക ഓഫീസുകളും സെല്ലുകളും ശക്തിപ്പെടുത്തൽ.
3. ജോബ് പോർട്ടൽ & വിദേശ റിക്രൂട്ട്മെന്റ്.
4. 24 മണിക്കൂർ ഹെൽപ് ലൈൻ / കോൾ സെന്റർ.
5. പ്രവാസി ലീഗൽ എയ്ഡ് സെൽ (PLAC).
6. സാന്ത്വന.
7. സ്കിൽ അപ്ഗ്രേഡേഷൻ & റീ-ഇന്റഗ്രേഷൻ ട്രെയിനിംഗ് പ്രോഗ്രാം.
8. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (NBFC).
9. അനധികൃത വിദേശ റിക്രൂട്ട്മെന്റ് & വിസ തട്ടിപ്പ് പ്രതിരോധ ബോധവല്ക്കരണ ക്യാമ്പെയ്ൻ (PDOP ഉൾപ്പെടെ).
10. പ്രവാസി ഭദ്രത.
11. നോർക്ക എമർജൻസി ആംബുലൻസ് സർവീസ്.
12. എമർജൻസി റിപാട്രിയേഷൻ ഫണ്ട് /നോർക്ക അസിസ്റ്റഡ് ബോഡി റിപ്പാട്രിയേഷൻ.
13. മാർക്കറ്റ് റിസർച്ച്, പ്രീ-റിക്രൂട്ട്മെന്റ്, പോസ്റ്റ്-റിക്രൂട്ട്മെന്റ് സർവീസ്, സ്കിൽ ഡെവലപ്മെന്റ്.
14. ഡയറക്ടേഴ്സ് സ്കോളർഷിപ്പ്.
15. നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME).
16. ലോക കേരള കേന്ദ്രം & ലോക മലയാള കേന്ദ്രം.
17. പ്രവാസി സംഘങ്ങൾക്ക് ധനസഹായം.
18. നോർക്ക ശുഭയാത്ര.
19. സ്റ്റുഡന്റ് മൈഗ്രേഷൻ സെൽ.

**(ബി)** തിരികെയെത്തുന്ന പ്രവാസികൾക്കായി നടപ്പിലാക്കി വരുന്ന സാന്ത്വന പദ്ധതികളുടെ വിശദവിവരവും ഇതുവരെ എത്ര പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും എത്രയെണ്ണം തീർപ്പാകാനുണ്ടെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ദീർഘകാലം വിദേശത്ത് ജോലി ചെയ്ത് നാട്ടിൽ തിരികെയെത്തിയ പാവപ്പെട്ട പ്രവാസി കേരളീയർക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സമാശ്വാസ പദ്ധതിയാണ് സാന്ത്വന പദ്ധതി.

https://santhwana.norkaroots.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖാന്തിരമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

ഈ പദ്ധതിപ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾക്ക് ധനസഹായം നല്കിവരുന്നു.

1. മരണാനന്തര ധനസഹായം- പരമാവധി 1 ലക്ഷം രൂപ വരെ.
2. ചികിത്സാ ധനസഹായം- പരമാവധി 50,000/- രൂപ വരെ.
3. തിരിച്ചെത്തിയ പ്രവാസികൾക്ക് ഒരു പെൺകുട്ടിയുടെ വിവാഹച്ചെലവുകൾക്കായി -പരമാവധി 15,000 രൂപ വരെ.
4. അംഗവൈകല്യപരിഹാരത്തിന് കൃത്രിമകാലുകൾ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിന് -പരമാവധി 10,000 രൂപ വരെ.

**<u>പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത</u>**

1. അപേക്ഷകന്റെ വാർഷിക_കുടുംബവരുമാനം 1,50,000/-_രൂപയിലധികമാവാൻ പാടില്ല.
2. കുറഞ്ഞത് രണ്ടുവർഷം തൊഴിൽ വിസയിൽ വിദേശത്ത് ജോലി ചെയ്തിരിക്കണം.
3. തിരിച്ചെത്തിയിട്ട് വിദേശത്ത് ജോലി ചെയ്തത്ര കാലയളവ് അല്ലെങ്കിൽ പത്തുവർഷം (ഇവയിൽ ഏതാണോ കുറവ്) ആ സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.
4. അപേക്ഷകൻ അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും വിദേശത്തായിരിക്കുവാൻ പാടുള്ളതല്ല.

പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ രേഖകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2004 ൽ ആരംഭിച്ച പദ്ധതിയിലൂടെ നാളിതു വരെയായി 46,969 ഗുണഭോക്താക്കൾക്കായി 258,87,58,766 രൂപയുടെ ധനസഹായം നല്കിയിട്ടുണ്ട്. നിലവിൽ 1962 അപേക്ഷകൾ നോർക്ക റൂട്ട്സിന്റെ വിവിധ ഓഫീസുകളിലും നോർക്ക വകുപ്പിലുമായി പ്രോസസിംഗിലാണ്. സാന്ത്വന മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ നിരസിക്കുന്നതും എന്നാൽ, തികച്ചും ധനസഹായത്തിന് അർഹതയുള്ളതുമായ അപേക്ഷകളെ ചെയർമാൻ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ അംഗീകാരത്തിന് വിധേയമായി ധനസഹായം നല്കി വരുന്നുണ്ട്.

**(സി)** നോർക്ക വകുപ്പ് സഹകരണ ബാങ്കുകളുമായി സഹകരിച്ച് പ്രവാസികൾക്ക് ഏതെല്ലാം തരത്തിലുള്ള വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നോർക്ക റൂട്ട്സ് വഴി തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി കേരള ബാങ്കുമായി (Co-operative Bank / Kerala Bank) സഹകരിച്ച് NDPREM (NORKA Department Project for Return Emigrants) പദ്ധതിയും, പ്രവാസി ഭദ്രത (Pravasi Bhadratha) വായ്പാ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

1. **NDPREM (നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്):**

തിരികെയെത്തിയ പ്രവാസികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കേരള ബാങ്ക് ഉൾപ്പെടെയുള്ള സഹകരണ ബാങ്കുകൾ മുഖേന വായ്പ ലഭ്യമാക്കുന്നു. പദ്ധതിപ്രകാരം ബാങ്ക് അനുവദിക്കുന്ന വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ വരെ) കൃത്യമായ തിരിച്ചടവിന് ആദ്യത്തെ 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും നോർക്ക റൂട്ട്സ് നൽകിവരുന്നു.

**2. പ്രവാസി ഭദ്രത പദ്ധതി:**

പ്രവാസി ഭദ്രത - മൈക്രോ പദ്ധതി വഴി സഹകരണ ബാങ്കുകൾ/കേരള ബാങ്ക് മുഖേന പ്രവാസി സംരംഭകർക്ക് സ്വയംതൊഴിൽ/ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 ലക്ഷം രൂപ വരെ 25% മൂലധന സബ്സിഡിയും (പരമാവധി 1 ലക്ഷം രൂപ വരെ) കൃത്യമായ തിരിച്ചടവിന് ആദ്യത്തെ 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും കൂടി ലഭ്യമാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## സാന്ത്വന പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ രേഖകൾ

| ചികിത്സാ സഹായം | മരണാനന്തര സഹായം | വിവാഹ സഹായം | അംഗപരിമിത ഉപകരണങ്ങൾ വാങ്ങുന്നതിനായ |
|---|---|---|---|
| 1. പാസ്സ്പോർട്ട്.<br>2. റേഷൻകാർഡ്.<br>3. വരുമാന സർട്ടിഫിക്കറ്റ്.<br>4. മെഡിക്കൽ സർട്ടിഫിക്കറ്റ്.<br>5. ഡിസ്ച്ചാർജ്ജ് സമ്മറി.<br>6. മെഡിക്കൽ ബില്ലുകൾ.<br>7. അപേക്ഷകന്റെ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്. | 1. പാസ്സ്പോർട്ട്<br>2. റേഷൻകാർഡ്<br>3. വരുമാന സർട്ടിഫിക്കറ്റ്.<br>4. അപേക്ഷകന്റെ തിരിച്ചറിയൽ കാർഡ്.<br>5. ഡെത്ത് സർട്ടിഫിക്കറ്റ്<br>6. ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ്<br>7. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്<br>8. അപേക്ഷകന്റെ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്. | 1. പാസ്സ്പോർട്ട്<br>2. റേഷൻകാർഡ്<br>3. വരുമാന സർട്ടിഫിക്കറ്റ്<br>4. വിവാഹം സംബന്ധിച്ച തെളിവ് ( വിവാഹ സർട്ടിഫിക്കറ്റ്).<br>5.പ്രവാസിയുമായുള്ള ബന്ധത്തിന്റെ തെളിവ്.<br>6. ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്. | 1. പാസ്സ്പോർട്ട്.<br>2. റേഷൻകാർഡ്.<br>3. വരുമാന സർട്ടിഫിക്കറ്റ്.<br>4. ഡോക്ടറുടെ സർട്ടിഫിക്കറ്റ് / കുറിപ്പുകൾ<br>5. ബന്ധം തെളിയിക്കുന്നതിനുള്ള രേഖ.<br>6. ബില്ലുകൾ.<br>7. ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്. |